നിർമ്മിക്കുക എന്നതുമാത്രമാണ് ഇതിനൊരു പരിഹാരം. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും തുമ്പൂർ മൊഴിക്കും ഇടയിലായി ചെക്ക് ഡാം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ ഇതിനകംതന്നെ കണ്ടെത്തിയിട്ടുണ്ട്. വെറ്റിലപ്പാറ പുതിയപാലത്തിന് സമീപം കണ്ടെത്തിയ സ്ഥലവും ഇതിന് അനുയോജ്യമാണ്. ഈ പ്രൊപ്പോസലിന് അന്തിമ അംഗീകാരം നൽകുന്നതിനായി വിശദമായ സാധ്യതാപഠനം നടത്തേണ്ടതുണ്ട്. മേൽപ്പറഞ്ഞ വിവിധ സ്ഥലങ്ങൾ പരിഗണിച്ച് ഏറ്റവും യുക്തമായ സ്ഥലം തെരഞ്ഞെടുക്കേണ്ട ആവശ്യമുണ്ട്. അതിന് ഉദ്യോഗസ്ഥതലത്തിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശം തീർച്ചയായും പരിഗണിക്കുന്നതാണ്.

9. നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി : സർ, സംസ്ഥാന സർക്കാരിന്റെ നെല്ല് സംഭരണം തികച്ചും ഫലപ്രദമായി നടക്കുന്നത് തൃശ്ശൂർ ജില്ലയിലാണ്. കോൾ നിലങ്ങളിലെ നെൽ കർഷകർ 14 രൂപ നെല്ലിന്റെ സംഭരണ വിലയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ സന്തോഷത്തിലാണ്. പക്ഷേ ഇപ്പോൾ വ്യാപകമായി കൊയ്ത്ത് ആരംഭിച്ചുവെങ്കിലും 14 രൂപയ്ക്ക് നെല്ല് സംഭരിക്കാൻ ആവശ്യമായ നടപടിയായിട്ടില്ല. അടിയന്തരമായി 14 രൂപയ്ക്ക് നെല്ല് സംഭരിക്കാനും മുൻകാല പ്രാബല്യം കൊടുക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ഇത് നെല്ല് സംഭരണത്തെക്കുറിച്ചുള്ള വിഷയമാണ്. 2010-11 വർഷത്തിലെ രണ്ടാം വിളവെടുപ്പ് 8-12-2010-ൽ തുടങ്ങുകയും ഇന്നേവരെ 29,446.63 കിന്റൽ നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിലയായ 3,01,52,967 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണവില 7 രൂപയായിരുന്നു. 2006-07-ൽ അത് 8.50 രൂപ നിരക്കിലാക്കി. 2008-ൽ 9 രൂപയും 2009-ൽ 10 രൂപയും 2010-ൽ 11 രൂപയും 2011-ൽ 13 രൂപയുമാക്കി ഉയർത്തി. ഇപ്രകാരം 6 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ കാലയളവിൽ 4 പ്രാവശ്യമായി സംഭരണ വില 10 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇൻഡ്യയിൽ നെല്ലിന് ഏറ്റവും ഉയർന്ന സംഭരണ വില നൽകുന്നത് നമ്മുടെ സംസ്ഥാനത്തെ കർഷകർക്കാണ്. കൂടാതെ കോൾ നിലങ്ങളിലെ നെല്ല് സംഭരണം വൈകിയാണ് ആരംഭിക്കുന്നതെങ്കിലും പരമാവധി വേഗത്തിൽ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനായി 14 രൂപയല്ല 13 രൂപയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

10. റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മീഷൻ

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിലെ പൊതുവിതരണ ശൃംഖല ഏറ്റവും ശക്തമാണ്. അതിന്റെ പ്രധാനപ്പെട്ട കണ്ണി റേഷൻ റീട്ടെയിൽ വ്യാപാരികളാണ്. അവർക്ക് ഇന്നത്തെ കമ്മീഷൻ കൊണ്ട് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അന്നയോജന പോലുള്ള രണ്ടു പദ്ധതികൾക്ക് അവർ അരി കൊടുത്തിട്ടും അതിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട കമ്മീഷൻ ലഭിക്കാതെയായിട്ട് ഒരു കൊല്ലത്തോളമായി. അടിയന്തരമായി അവരുടെ പ്രശ്നത്തിന് പരിഹാരം കാണണമെന്നും ആവശ്യമായ കമ്മീഷൻ കൊടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ഏറ്റവും ഒടുവിൽ കമ്മീഷൻ വർദ്ധിപ്പിച്ചത് കഴിഞ്ഞ വർഷമാണ്. ഈ വർഷം വീണ്ടും വർദ്ധിപ്പിക്കുവാൻ വേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ന്യായമായ നിലയ്ക്കുള്ള വർദ്ധനവാണ് ഇപ്പോൾ ധനകാര്യ വകുപ്പ് ആലോചിക്കുന്നത്. ഉടൻതന്നെ ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതാണ്.

11. ജില്ലാ കൃഷിഫാമിലെ ദിവസവേതനക്കാരായ തൊഴിലാളികൾ

ശ്രീ. റ്റി. യു. കുരുവിള : സർ, നേര്യമംഗലം കൃഷി ഫാം 1965-ൽ 260 ഏക്കർ സ്ഥലത്ത് പ്രവർത്തനം തുടങ്ങിയതാണ്. അന്ന് 300 തൊഴിലാളികൾ ഉണ്ടായിരുന്നത് ഇപ്പോൾ 25 തൊഴിലാളികളായി കുറഞ്ഞു. ബാക്കിയുള്ളവർ പെൻഷനായി പോയി. അതിനുശേഷം കരാർ അടിസ്ഥാനത്തിലാണ് അവിടെ തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഏതാണ്ട് ഇരുന്നൂറിൽ ചിലാനം തൊഴിലാളികളുണ്ട് അവർ എ.ഡി.എസ്.-ന്റേയും സി.ഡി.എസ്.-ന്റേയും കീഴിലാണ് ജോലി ചെയ്ത് വന്നിരുന്നത്. ഗവൺമെന്റ് 18-12-2008-ലെ ഉത്തരവ് പ്രകാരം ഡെയ്ലി വേജസിൽ ജോലി ചെയ്യുന്നവരെ കാഷ്വൽ തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്. 19-1-2009-ലാണ് ഡെയ്ലി ബെയ്സിലേക്ക് ഇവരെ കൺവർട്ട് ചെയ്തത്. അവർക്ക് ഒരു മാസത്തെ കുറവ് കൊണ്ട് കാഷ്വൽ തൊഴിലാളികളാകാൻ സാധിച്ചിട്ടില്ല അതിനാൽ അവരെക്കൂടി കാഷ്വൽ തൊഴിലാളികളാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, തൊഴിലാളികളോട് വളരെ അനുഭാവ നിലപാട് സ്വീകരിക്കുന്ന ഒരു സർക്കാരാണിത്. 18-12-2008 വരെ ഫാമുകളിൽ ജോലി ചെയ്തിരുന്ന ദിവസക്കൂലിക്കാരായ 2837 തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കാനും ഇവരെ റൊട്ടേഷൻ വ്യവസ്ഥയിൽ ജോലിക്ക് നിയോഗിച്ച് സീനിയോറിറ്റി നിശ്ചയിച്ച് സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ നിയമിക്കാനും ഉത്തരവിറക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ ഫാമുകളിൽ സ്വീകരിച്ചു വരികയാണ്. എല്ലാ യൂണിയനുകളുമായി ആലോചിച്ചിട്ടാണ് ഗവൺമെന്റ് ഈ ഉത്തരവ് ഇറക്കിയത്. എന്നാൽ ഈ ഫാമിനെ സംബന്ധിച്ച് നേര്യമംഗലം ജില്ലാ കൃഷിഫാമിൽ 2008-ന് മുൻപുള്ള വർഷങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ളതും ഇവരുടെ മൊത്തം വേതനം നേരിട്ട് എ.ഡി.എസ്. സെക്രട്ടറിക്ക് നൽകിയിട്ടുള്ളതുമാണ്. കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന നടപടിക്രമമില്ല. എന്നാലും 18-12-2008-നുശേഷം നിയോഗിച്ചിട്ടുള്ള ബാക്കിയുള്ള ദിവസക്കൂലിക്കാരിൽനിന്നും നിലവിലുള്ള ഉത്തരവനുസരിച്ച് കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിന് സാധിക്കുകയില്ലെങ്കിലും സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ വരുന്ന മുറയ്ക്ക് ബാക്കിയുള്ളവരുടെ കാര്യത്തിൽ പൊതുവായ ഒരു തീരുമാനം സർക്കാർ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly